**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

CAT 2020 മോണിറ്ററിംഗ് സമതി 12/12/2019 ൽ 11.30am-ന് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 136/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.01.2020

---

പരാമർശം:-(1) CAT 2020 മോണിറ്ററിംഗ് സമതി 12/12/2019 ൽ 11.30am-ന് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ MA Social Work in Disability Studies and Action എന്ന പ്രോഗ്രാം RCI നിബന്ധന പാലിച്ചു നടത്തുന്നതിനായി ടി.പ്രോഗ്രാമിലേക്ക് 80 മാർക്കിൻെറ ഒബ്ജക്റ്റീവ് പരീക്ഷയും 20 മാർക്കിൻെറ എഴുത്തുപരീക്ഷയും 100 മാർക്കിൻെറ ഇൻ്റർവ്യൂവും നടത്തിയ ശേഷം പൊതു മാനദണ്ഡ പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തേണ്ടതാണ്. RCI നിബന്ധന പ്രകാരം പ്രസ്തുത പ്രോഗ്രാമിലേക്കുള്ള അപേക്ഷകരുടെ Biosketch ശേഖരിക്കുന്നതിനായി CAT 2020 അപേക്ഷ സ്വീകരിക്കുന്ന സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട പ്രോഗ്രാമർമാരെ ചുമതപ്പെടുത്തുവാനും ശിപാർശ ചെയ്യുന്നു.

2. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസിലെ എം. പി. ഇ. എസ് പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായി 80 മാർക്കിൻെറ ഒബ്ജക്റ്റീവ് പരീക്ഷ നടത്തി ലഭിക്കുന്ന മാർക്കിനെ 50 മാർക്കിലേക്ക് പരിവർത്തനം നടത്തി രണ്ട് ദശാംശ സ്ഥാനത്തിന് കണക്കിലെടുത്തതിന് ശേഷം Game Proficiency and achievements (പരമാവധി 25 മാർക്ക്), Sports Achievements (പരമാവധി 10 മാർക്ക്), Physical Fitness Test (പരമാവധി 15 മാർക്ക്) ൻെറ മാർക്കുകളും കൂടി ചേർത്ത് പൊതുമാനദണ്ഡ പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തേണ്ടതും അംഗീകരിച്ചിട്ടുള്ള റെഗുലേഷൻ പ്രവേശന നടപടികളിൽ പാലിക്കേണ്ടതുമാണെന്ന് ശിപാർശ ചെയ്യുന്നു.

3. സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് ഇൻ്റർനാഷണൽ റിലേഷൻസ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെൻറ് സ്റ്റഡീസ് എന്നീ പഠന വകുപ്പുകളിൽ നടത്തുന്ന പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി 80 മാർക്കിൻെറ ഒബ്ജക്റ്റീവ് പരീക്ഷയിൽ നേടുന്ന മാർക്കിനെ 50 ലേയ്ക്ക് പരിവർത്തനം നടത്തി രണ്ട് ദശാംശസ്ഥാനത്തിന് കണക്കാക്കുന്നു. ബന്ധപ്പെട്ട പഠന വകുപ്പുകളിൽ നടത്തുന്ന പരമാവധി 50 മാർക്കിൻെറ എഴുത്ത

Draft #5 of File 47087/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Jan-2020 05:06 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരീക്ഷ/ ഇൻറ്റർവ്യൂ/ഗ്രൂപ്പ് ഡിസ്കഷൻ (പഠന വകുപ്പ് തീരുമാനമനുസരിച്ച് ഇവയിൽ ഒന്നോ അതിലധികമോ ഇനങ്ങൾ നടത്തുന്നതാണ് ) എന്നിവയ്ക്ക് ലഭിക്കുന്ന മാർക്കും കൂടി ചേർത്ത് പൊതു മാനദണ്ഡ പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

4. CAT പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരിൽ ഒന്നിലധികം അവസരം റെഗുലർ ചാൻസ് കൂടാതെ യോഗ്യത പരീക്ഷ വിജയിക്കാൻ എടുക്കുന്നവർക്ക് അവർക്ക് ലഭിക്കുന്ന ഇൻഡക്സ് മാർക്കിൽ നിന്നും 5 മാർക്ക് വീതം പരമാവധി 20 മാർക്ക് വരെ ഇൻറ്റർവ്യൂ/ എഴുത്തുപരീക്ഷ/ ഗ്രൂപ്പ് ഡിസ്കഷൻ സമയത്ത് അതാത് പഠന വകുപ്പുകളിൽ കുറവ് ചെയ്യേണ്ടതാണെന്നും ഇതനുസരിച്ച് CAT പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുവാനും ശിപാർശ ചെയ്യുന്നു.

5. CAT പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥിക്ക് ഒരു സെഷനിലെ ഒന്നിൽ കൂടുതൽ പരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടായാൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ഒരു പരീക്ഷ എഴുതിയ ശേഷം അടുത്ത പരീക്ഷ തുടർന്ന് എഴുതുവാൻ അവസരം നൽകേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

6. കേരളത്തിന് വെളിയിൽ നേറ്റിവിറ്റിയുള്ള അപേക്ഷകർക്ക് ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്ക് മാത്രം അപേക്ഷിക്കുവാൻ പറ്റുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

7. ഓൺലൈൻ ചോദ്യബാങ്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുവാൻ ഡോ.സജിമോൻ എബ്രഹാം, ഡോ.ജെ.ജി റേ, ഡോ.പി.ആർ ബിജു എന്നീ CAT 2020 മോണിറ്ററിംഗ് സമതി അംഗങ്ങളും സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് വകുപ്പ് മേധാവി ഡോ.അനൂജ് മുഹമ്മദും സോഫ്റ്റ്‌വെയർ സ്ഥാപനത്തിലെ ചുമതലപ്പെട്ടവരുമായി ചർച്ച നടത്തി അഭിപ്രായം സമർപ്പിക്കേണ്ടതാണ്. CAT 2020 പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ACB VII തയ്യാറാക്കിയിട്ടുള്ള നിർദേശങ്ങളും ഈ സമതി പഠിച്ച് അഭിപ്രായം അറിയിക്കുവാൻ ശിപാർശ ചെയ്യുന്നു.

8. CAT പരീക്ഷ എഴുതാൻ Scribe ൻറെ സഹായം ആവശ്യമുള്ള അപേക്ഷകർ Scribe ആയി പ്രവർത്തിക്കാൻ ക്രമപ്രകാരം യോഗ്യതയുള്ളവരെ കണ്ടെത്തി അക്കാര്യം പരീക്ഷയ്ക്ക് രണ്ടാഴ്ച മുൻപ് സർവകലാശാലയിൽ അറിയിച്ച് അനുമതി നേടേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

9. ഒരു പരീക്ഷാ കേന്ദ്രത്തിലേക്ക് ചുരുങ്ങിയത് 10 അപേക്ഷകൾ എങ്കിലും ലഭിച്ചില്ലെങ്കിൽ ആ പരീക്ഷ കേന്ദ്രം റദ്ദ് ചെയ്യുന്നതും പ്രസ്തുത പരീക്ഷാ കേന്ദ്രത്തിലെ അപേക്ഷകർക്ക് മറ്റ് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് മാറ്റം നൽകുകയോ അപേക്ഷാ ഫീസ് തിരികെ നൽകുകയോ ചെയ്യാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

10. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള റെഗുലേഷൻ പ്രകാരം യോഗ്യതയുള്ളവർക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് ശിപാർശ ചെയ്യുന്നു.

Draft #5 of File 47087/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Jan-2020 05:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

11. അന്ധരായ വിദ്യാർത്ഥികൾക്ക് ഫാക്കൽറ്റി ഓഫ് സയൻസസ്/ ഫാക്കൽറ്റി ഓഫ് അപ്ലൈഡ് സയൻസസ് & ടെക്നോളജി എന്നിവയിൽ ഉൾപ്പെട്ട പ്രോഗ്രാമുകളിൽ സംവരണം ഉണ്ടായിരിക്കുന്നതല്ലെന്ന മുൻ വർഷത്തെ പ്രോസ്പെക്ടസിൽ ചേർത്തിരിക്കുന്ന വ്യവസ്ഥ ഈ വർഷം ഒഴിവാക്കുവാൻ ശിപാർശ ചെയ്യുന്നു.

12. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്ക് പ്രവേശനം തേടുന്ന ഇൻ്ററർനാഷണൽ സ്റ്റുഡൻസിൻറെ അപേക്ഷ ഓൺലൈൻ ആയി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

13. പഠന വകുപ്പുകളിലെ പ്രവേശനത്തിനായി ഇൻ്റർവ്യൂ നടത്തുന്ന വകുപ്പുകളിൽ നിയമാനുസരണം ഇൻ്റർവ്യൂ ബോർഡ് രൂപീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

14. CAT പരീക്ഷയിൽ ക്രമക്കേട് നടത്തുന്നവരെ ടി. പരീക്ഷയിലും തുടർവർഷങ്ങളിലെ പരീക്ഷയിലും അയോഗ്യരാക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.സി.എ 1 , എ.സി.എ 5, എ.ആർ 4 (അക്കാദമിക്
(6) CITAD (അപേക്ഷകരുടെ Biosketch ശേഖരിക്കുന്നതിനായി CAT 2020 അപേക്ഷ സ്വീകരിക്കുന്ന സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതുമായും, ഉത്തരവിലെ ക്രമനമ്പർ 6 ലെ നിർദേശം നടപ്പിലാക്കുന്നതുമായും , ഉത്തരവിലെ ക്രമനമ്പർ 14 ലെ നിർദേശംഹാൾ ടിക്കറ്റിൽ ചേർക്കുന്നതുമായും ബന്ധപ്പെട്ടും)
(7) ഡോ.സജിമോൻ ഏബ്രഹാം, യു.സി.ഐ.സി ( സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്ക് പ്രവേശനം തേടുന്ന ഇൻ്ററർനാഷണൽ സ്റ്റുഡൻസിൻറെ അപേക്ഷ ഓൺലൈൻ ആയി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട്.)

Draft #5 of File 47087/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Jan-2020 05:06 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം